150 YEARS OF CELEBRATING THE MAHATMA

**'ഭരണഭാഷ - മാതൃഭാഷ'**


തൊഴിലധിഷ്ഠിതഹയർസെക്കണ്ടറി
വിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം


**നമ്പർ : എഫ്/1866/19** **തീയതി, 18.5.2019.**

**സർക്കുലർ നം.02/2019/വി.എച്ച്.എസ്.ഇ.ഫിൻ**

വിഷയം:- തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - ധനകാര്യം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ല് ക്ലിയർ ചെയ്യുന്നത്- സംബന്ധിച്ച്.
സൂചന:- 10.04.2019-ലെ സർക്കുലർ നം.31/2019/ഫിൻ.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ ബില്ല് സമർപ്പിക്കുകയും ട്രഷറി ക്യൂവിൽ ഉൾപ്പെട്ടതുമായ ബില്ലുകൾ ഈ സാമ്പത്തിക വർഷത്തിൽ ക്ലിയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

BIMS ൽ നിന്നും ബില്ല് ലഭിക്കുന്നതിനായി വകുപ്പിൽ നിന്നും അലോട്ട്മെന്റ് വാങ്ങേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്നതിന് താഴെ പറയുന്ന രേഖകളോടൊപ്പം അപേക്ഷ ഇ-മെയിൽ ആയി 30.05.2019 ന് മുൻപ് സമർപ്പിക്കേണ്ടതാണ്.

1. കവറിംഗ് ലെറ്റർ
2. അലോട്ട്മെന്റ് റിക്വസിഷൻ ഫോം
3. ട്രഷറി ബിൽ ബുക്കിന്റെ ബന്ധപ്പെട്ട പേജ്.

പ്ലാൻ ശീർഷകത്തിൽ (2202-02-001-95-34 ഒ.സി.പ്ലാൻ) അലോട്ട്മെന്റ് ലഭിക്കുന്നതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആമുഖ കത്തിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

| ക്രമ നം. | പ്രൊസീഡിംഗ്സ് നം.(ഡയറക്ടറേറ്റിൽ നിന്നുള്ള) | അലോട്ട്മെന്റ് ലഭിച്ച തീയതി | ട്രഷറിയിൽ ബില്ല് സമർപ്പിച്ച തീയതി | കാലത്താമസത്തിനുള്ള കാരണം |
|---|---|---|---|---|
| | | | | |
| | | | | |

അലോട്ട്മെന്റ് ലഭിച്ചശേഷം താഴെ പറയും പ്രകാരം ബില്ല് തയ്യാറാക്കേണ്ടതാണ്.

(എ) BIMS ൽ ലോഗിൻ ചെയ്ത ബില്ല് എൻട്രി എന്ന മെനുവിൽ നിന്നും nature of claim > Pre authorisation slip സെലക്ട് ചെയ്യുക.

(ബി) ബില്ലിന്റെ details verify ചെയ്ത് save ചെയ്ത് ട്രഷറിയിലേക്ക് e-submit ചെയ്യുക.

(സി) 2019-20 വർഷത്തെ അലോട്ട്മെന്റിൽ പുതുതായി ജനറേറ്റ് ചെയ്യുന്ന **Outer Bill Print** എടുത്ത് പുതിയ (2019-20) ബിൽ ബുക്കിൽ ചേർത്ത് പഴയ ബില്ലനൊപ്പം സമർപ്പിക്കേണ്ടതാണ്. ക്യൂ ബില്ലിനുള്ള അലോട്ട്മെന്റിനുള്ള അപേക്ഷ ഇതിനോടൊപ്പം സമർപ്പിച്ചിട്ടുള്ള DDO മാർ ഈ ആഫീസിൽ നിന്നുള്ള 13.05.2019 ലെ സർക്കുലർ നം. 01/2019./വി.എച്ച്.എസ്.ഇ.ഫിൻ ൽ നിഷ്കർഷിച്ച പ്രകാരം ബന്ധപ്പെട്ട ഇ-മെയിൽ ഐ.ഡികളിലേക്ക് അപേക്ഷകൾ പുന:സമർപ്പിക്കേണ്ടതാണ്.

പ്ലാൻ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ മാറ്റമുള്ളതിനാൽ അലോട്ട്മെന്റിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതും സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അലോട്ട്മെന്റ് ലഭിക്കുയുള്ളൂ എന്നും ഇതിനാൽ അറിയിക്കുന്നു.

**ഫിനാൻസ് ഓഫീസർ**
**ഡയറക്ടർക്കുവേണ്ടി**

പകർപ്പ്:-

1. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
2. എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൾമാർക്കും
3. എസ്.എഫ്/ഒ.സി.

ജെ.ബി.എസ്/20-5-19